(ബി) ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് വനംവകുപ്പിൽ പ്രൊമോഷൻ ലഭിക്കുന്നതിന് കൂടുതൽ ആനുകൂല്യം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡുകളിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നിശ്ചിതശതമാനം പ്രൊമോഷൻ ക്വാട്ട അനുവദിക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി & ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മുണ്ടോമൂഴി -മണ്ണിറ ഫോറസ്റ്റ് റോഡ്

78 (1133) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മുണ്ടോമൂഴി മണ്ണിറ ഫോറസ്റ്റ് റോഡ് കാൽനടയായിപ്പോലും യാത്ര ചെയ്യാൻ സാധിക്കാത്ത വിധത്തിൽ കേടായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഈ റോഡ് റീ-ടാറിംഗ് നടത്തി വാഹനസഞ്ചാര യോഗ്യമാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പണി ഏറ്റെടുത്ത് നടത്താൻ കഴിയാത്തത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുന്നതാണ്.

മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുവാൻ നടപടി

79(1134) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൃഗശാലകൾ വനം-വന്യജീവി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

മണൽ വാരൽ

80(1135) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന, കല്ലാർ, വാമനപുരം എന്നീ നദികളിൽ നിന്നും മണൽ വാരുന്നതിനായി നൗഷാദ്ഖാൻ, കായംകുളം, കെ. സി. രവീന്ദ്രൻ, കണ്ണൂർ എന്നിവർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർക്കും ഏതെല്ലാം തീയതികളിലാണ് അപേക്ഷ നൽകിയത് ;

(ബി) അപേക്ഷയിൽ എന്ത് ആവശ്യത്തിനാണ് മണൽ ശേഖരിക്കുന്നത് എന്ന് വെളിപ്പെടുത്തിയിരുന്നുവോ ;

(സി) ഇതിന്മേൽ വനം വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(ഡി) 27-3-1998-ലും 29-4-1998-ലും വനംവകുപ്പ് അപേക്ഷകർക്ക് അനുവാദം നൽകിയ ഉത്തരവുകളുടെ പകർപ്പുമേശപ്പുറത്ത് വയ്ക്കാമോ ;

(ഇ) 15-9-1998-ലെ സർക്കാർ ഉത്തരവ് നമ്പർ 12754/സ1/98/ വനം ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം എന്താണ് ;

(എഫ്) മണൽ വാരുന്നതിന് അനുവാദം നൽകുന്നതിന് മുൻപു അഡ്വക്കേറ്റ് ജനറലുമായും കേന്ദ്ര ഗവൺമെന്റുമായും നടത്തിയ കത്തിടപാടുകളിൽ നിന്ന് ലഭിച്ച വസ്തുതകളും നിയമോപദേശവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട് സെക്ഷനിൽ നിന്നും മണൽ വാരുന്നതിന് ശ്രീ. നൗഷാദ്ഖാൻ, കായംകുളം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 23-3-1998-ലും, ശ്രീ. കെ. സി. രവീന്ദ്രൻ, കണ്ണൂർ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 23-4-1998-ലുമാണ് അപേക്ഷ നൽകിയിരുന്നത്.

(ബി) മുകളിൽ പറഞ്ഞ രണ്ട് അപേക്ഷകളിലും കായംകുളം തെർമ്മൽ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണെന്നാണ് രേഖപ്പെടുത്തിയിരുന്നത്.

(സി) ശ്രീ. നൗഷാദ്ഖാൻ മണൽ വാരുന്നതിന് ആവശ്യപ്പെട്ടിരുന്ന ചോഴിയക്കോട് എന്ന കടവ് മണൽ വാരുന്നതിന് സംസ്ഥാന സർക്കാർ നേരത്തെ അംഗീകരിച്ചതായിരുന്നു. ആ വിവരം കാണിച്ചുകൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിലേയ്ക്ക് എഴുതുകയും സർക്കാർ അനുമതി നൽകുകയും ചെയ്തു. ശ്രീ. കെ. സി. രവീന്ദ്രൻ ആവശ്യപ്പെട്ടിരുന്ന ശങ്കിലി കടവും മണൽവാരുന്നതിന് സംസ്ഥാനസർക്കാർ അംഗീകാരമുള്ളതായിരുന്നു. ആയതിനാൽ ശ്രീ. കെ. സി. രവീന്ദ്രന്റെ അപേക്ഷയിലും നിലവിലുള്ള ഉത്തരവുസരിച്ച് നടപടി എടുക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly